# 65

# “സകലവും പുതുതായി”

## (21:1- 8)

വെളിപ്പാട് *പുതിയ* കാര്യങ്ങളെ കൊണ്ട് നിറച്ചിരിക്കുകയാണ്. നമുക്ക് ഒരു “പുതിയ പേർ” ലഭിച്ചിരുന്നു (2:17; 3:12), ഒരു “പുതിയ യെരുശലേമും” (3:12; 21:2 നോക്കുക), ഒരു “പുതിയ പാട്ടും” (5:9; 14:3). “പുതിയ ആകാശവും പുതിയ ഭൂമിയും” അദ്ധ്യായം 21-ൽ നാം വായിക്കുന്നു (വാ. 1). പിന്നെ നമുക്ക് കർത്താവിന്റെ ഈ പ്രഖ്യാപനമുണ്ട്: “ഇതാ ഞാൻ സകലവും പുതുതാക്കുന്നു” (വാ. 5). അവസാന പ്രസ്താവനയിലെ ഊന്നൽ “പുതിയ” എന്ന വാക്കിനാണ്; മൂല ഗ്രന്ഥം അക്ഷരികമായി പറയുന്നു, “ഇതാ *പുതുതാ*ക്കുന്നു ഞാൻ സകലവും.” പുസ്തകത്തിൽ ഏതാനും ഭാഗങ്ങളിൽ ദൈവം തന്നെ സംസാരിക്കുന്നവയിൽ ഒന്നാണ് ഇത്;[1] തീർച്ചയായും അവന്റെ വാക്കുകൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

ഞാൻ എല്ലായ്പോഴും പുതിയവ ഇഷ്ടപ്പെട്ടിരുന്നു. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, പുതിയ സ്ക്കൂൾ വർഷം ആരംഭിക്കുന്നത് എനിക്ക് വളരെ ഇഷ്ടമായിരുന്നു, കാരണം പുതിയ വസ്ത്രം, പുതിയ ബാഗ്, പുതിയ പുസ്തകങ്ങളും പെൻസിലുകളും ലഭിക്കും. വർഷങ്ങളോളം, പുതിയ പുസ്തകങ്ങളുടേയും നോട്ട്ബുക്കുകളുടേയും വാസനയും, എനിക്ക് ആസ്വദിക്കുവാൻ കഴിഞ്ഞിരുന്നു. എനിക്ക് പ്രായമായപ്പോൾ *എല്ലാം* പുതുതായ ദേശത്തെ ഇഷ്ടപ്പെടുവാൻ തുടങ്ങി.

സ്വർഗമെന്ന് നാം വിളിക്കുന്ന, ആ ദേശത്തെ കുറിച്ചാണ് വെളിപ്പാട് 21:1–22:5 പറയുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ അദ്ധ്യായങ്ങൾ എഴുതുന്നതിന് മുൻപ്, ദൈവശ്വാസിയ എഴുത്തുകാർ ആ സ്ഥലത്തെ കുറിച്ച് ചുരുങ്ങിയ വിവരണം നൽകിയിരുന്നു, പക്ഷെ ഹൃദയങ്ങൾ കൂടുതൽ വിവരണത്തിനായി വാഞ്ഛിച്ചിരുന്നു. ബാറ്റ്സെൽ ബാരെറ്റ് ബാഗ്സ്റ്റർ എഴുതി,

> ബൈബിളിലെ അറുപത്താ-റു പുസ്തകങ്ങളിലെ അറുപത്ത-ഞ്ചും എഴുതി തീർന്നപ്പോൾ, അവസാനത്തെ പുസ്തകമായ വെളിപ്പാട് എഴുതി തീരാറായി, എട്ട് ഖണ്ഡികകൾ കൂടെ തീരേണ്ട സമയമായപ്പോൾ, എല്ലാ കാലത്തേക്കും മനുഷ്യർക്കാവശ്യമായ ദൈവവചനം പൂർത്തിയാക്കിയപ്പോൾ, ദൈവം മനുഷ്യന് സ്വർഗത്തെ കുറിച്ച് ഒരു ചിത്രം നൽകി.[2]

വെളിപ്പാടിലെ ഏറ്റവും സുപരിചിതമായ അദ്ധ്യായങ്ങളാണ് 21 ഉം 22 ഉം. പുതിയ ബൈബിൾ വാങ്ങി കുറെ കഴിയുമ്പോൾ, വെളിപ്പാട് പുസ്തകത്തിലെ ആദ്യ പേജുകളെല്ലാം വൃത്തിയായിത്തന്നെ ഇരിക്കും, പക്ഷെ അവസാനത്തെ രണ്ട് അദ്ധ്യായങ്ങളുള്ള പേജുകൾ തുടർച്ചയായി വായിക്കുന്നതിനാലും - ഒരുപക്ഷെ കണ്ണുനീർ വീണ് നനയുന്നതിനാലും ആകാം കീറിപ്പോകും. ചില അദ്ധ്യായങ്ങൾ മറ്റുള്ളവയേക്കാൾ കൂടുതൽ വായിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നത് ഒന്നും കൂടുതൽ ഹൃദയങ്ങളെ ആശ്വസിപ്പിച്ചില്ല.

ഈ പാഠത്തിൽ നാം 21:1–8 പഠിക്കും, അവിടെ സകലവും പുതുതാക്കുന്ന ആ സ്ഥലത്തെ ചുരുക്കി പരിചയപ്പെടുത്തുന്നു.

## "ഈ വേദഭാഗം സ്വർഗത്തെ കുറിച്ചാണോ പറയുന്നത്?"

നാം വേദഭാഗത്തിലേക്ക് കടക്കുന്നതിന് മുൻപ്, 21 ഉം 22 ഉം അദ്ധ്യായങ്ങൾ സ്വർഗത്തെ കുറിച്ചാണോ പറയുന്നത് എന്ന് നാം ചർച്ച ചെയ്യണം.

കഴിഞ്ഞ പാഠത്തിൽ, ദൈവത്തിന്റെ താൽക്കാലിക വിധിയെ കുറിച്ചാണ് 20:11–15 സംസാരിക്കുന്നതെന്നാണ് ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നതെന്ന് ഞാൻ പറയുകയുണ്ടായി (പ്രത്യേകിച്ച് ദൈവം റോമിനെ വിധിക്കുന്നത്). അതുപോലെ, 21:1–22:5 ഭൂമിയിലെ സഭയെ കുറിച്ചാണ് പറയുന്നതെന്ന് ചിലർ വിശ്വസിക്കുന്നു, പ്രത്യേകിച്ച് റോമിന്റെ ഉപദ്രവങ്ങൾക്ക് ശേഷം വിജയിച്ചതായ സഭ.[3] 20:11–15 താൽക്കാലിക വിധിയെ കുറിച്ചായിരിക്കാം പറയുന്നതെന്ന് ഞാൻ സമ്മതിച്ചുവെങ്കിലും, അത് അവസാന ന്യായവിധിനാളിനെ കുറിച്ചാണ് പറയുന്നത് എന്നതിനുള്ള കാരണവും ഞാൻ പറഞ്ഞിരുന്നു. അതുപോലെ, 21:1–22:5 പറയുന്നത് ഭൂമിയിലെ സഭയെ കുറിച്ചായിരിക്കുവാൻ സാധ്യതയുണ്ട്.[4] എന്നാൽ ആ വേദഭാഗം ആത്മാക്കളുടെ ഭവനമായ സ്വർഗത്തെ കുറിച്ചാണെന്ന് എനിക്ക് ബോധ്യമുണ്ട് ദാനിയേൽ റസൽ എഴുതി, "ആ വേദഭാഗത്തിൽ, എല്ലാ കാലത്തെയും സഭയ്ക്ക്, സ്വർഗത്തെ കാണുവാൻ കഴിഞ്ഞിട്ടുണ്ട്."[5] ഹാരോൾഡ് ഹാസെലിപ് പറഞ്ഞു: "വീണ്ടെടുക്കപ്പെട്ടവരുടെ അന്തിമ സ്ഥാനമാണ് ഈ അവസാനഭാഗത്തിലെ മുഖ്യ വിഷയം."[6]

20:11–15 അന്തിമ ന്യായവിധിയെ കുറിച്ചാണ് പറയുന്നത് എന്നതിന് ഞാൻ കഴിഞ്ഞ പാഠത്തിൽ പറഞ്ഞ കാരണങ്ങൾ പരിശോധിക്കുക. അതിനെ കുറിച്ച് ഞാൻ പറഞ്ഞത് ശരിയാണെങ്കിൽ, 21 ഉം 22 ഉം അദ്ധ്യായങ്ങൾ സ്വർഗത്തെ കുറിച്ചാണ് പറയുന്നതെന്ന എന്റെ കാരണങ്ങളും ശരിയായിരിക്കും. "ഇപ്പോഴത്തെ ക്രമം നീങ്ങിപ്പോകുന്നതു നാം കണ്ടുകഴിഞ്ഞാൽ, പിന്നെ അന്ത്യവിധിയും, ദുഷ്ടന്മാരെ ശിക്ഷിക്കുന്നതുമാണ്," പിന്നെ "അതിനുശേഷം ക്രമമനുസരിച്ച് അടുത്ത രംഗം കാലത്തിനപ്പുറം ദൈവത്തോടുകൂടിയ സഭയ്ക്ക് അവസാനം ലഭിക്കുന്ന തേജസിനെയാണ് പറയുന്നത് എന്ന് വിശ്വസിക്കുന്നതാണ് ഉചിതം."[7]

21:1–22:5 സ്വർഗത്തെ കുറിച്ചാണ് പറയുന്നതെന്നതിനു കൂടുതൽ കാരണങ്ങൾ പറയുവാൻ കഴിയും:

(1) ഉപയോഗിച്ചിരിക്കുന്ന ഭാഷ മറ്റു ഭാഗങ്ങളിൽ സ്വർഗത്തെ കുറിച്ചു പറഞ്ഞിരിക്കുന്നതുമായി യോജിക്കുന്നു.

(2) "എല്ലാ കണ്ണുനീരും തുടച്ചുകളയും" എന്നു ദൈവം നൽകിയ വാഗ്ദാനം (21:4) തന്നെയാണ് 7:17-ൽ മരിച്ചവർക്ക് നൽകിയ വാഗ്ദാനവും. ഈ വാഗ്ദാനം സ്പഷ്ടമായും ഈ ജീവിതത്തിലല്ല, പിന്നെയോ വരുവാനുള്ള ജീവിതത്തിലാണ്. ഈ ലോകത്തിൽ നമ്മുടെ ദുഃഖത്തിൽ ദൈവം നമ്മെ ആശ്വസിപ്പിക്കും; അടുത്തതി*ലും*, അവൻ നമ്മുടെ ദുഃഖം *തുടച്ചു നീക്കും*.

(3) "ജയിക്കുന്നവർക്ക്" ലഭിക്കുന്ന അവകാശത്തിന്റെ (21:7) വിപരീതമാണ് ദുഷ്ടന്മാർക്ക് ലഭിക്കുന്ന വിധി (21:8). നീതിമാൻമാർക്കുള്ള അനുഗ്രഹങ്ങൾ "എന്നുമെന്നേക്കുമുള്ളതാണ്" (22:5), നീതികെട്ടവർക്ക് ലഭിക്കുന്ന ശാപവും "എന്നുമെന്നേക്കും" ഉള്ളതായിരിക്കും (20:10; 20:15; 21:8 നോക്കുക).

(4) ഈ വേദഭാഗം പത്രൊാസ് "പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും കുറിച്ച് പഠിപ്പിക്കുന്നതുമായി ഒത്തിരിക്കുന്നു." ഹോമർ ഹെയ്‌ലി നിരീക്ഷിച്ചു,

> പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും കുറിച്ച് പത്രൊാസ് വിവരിച്ചിരിക്കുന്നത് (2 പത്രൊാസ് 3) ശ്രദ്ധിച്ച് വായിച്ചാൽ യോഹന്നാൻ വിവരിച്ചതിന്റെ സമാനതയായി കാണാം. ന്യായവിധിയെ കുറിച്ചും അഭക്തരുടെ നാശത്തെ കുറിച്ചുമുള്ള ഓരോ പോയിന്റും (2 പത്രൊാസ് 3:7; വെളി 20:13), ഇപ്പോഴത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതും (2 പത്രൊാസ് 3:10; വെളി 20:11), അത് പുതിയ ആകാശവും പുതിയ ഭൂമിയും വരുന്നതിന് മുൻപാണ് (2 പത്രൊാസ് 3:13; വെളി 21:1). പത്രൊാസും യോഹന്നാനും വിവരിക്കുന്നത് അവസാന ന്യായവിധിയെ കുറിച്ചും അതിനുശേഷം സംഭവിക്കുന്നതിനെ കുറിച്ചുമാണ്, അല്ലാതെ സഭയെ കഷ്ടതയിൽ കൂടെ ശുദ്ധീകരിക്കുന്നതിനെ കുറിച്ചല്ല ... പത്രൊാസും യോഹന്നാനും എഴുതുന്നത്, ... ന്യായവിധിക്കുശേഷമുള്ള നിത്യമായ അവസ്ഥയെ കുറിച്ചാണ്.[8]

(5) കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചതുപോലെ, വെളിപ്പാടിലെ അവസാന അദ്ധ്യായങ്ങൾ "അധികവും ഒന്നുതന്നെ" ആണെങ്കിൽ പുസ്തകം മൂർദ്ധന്യാവസ്ഥയില്ലാതെയായിരിക്കും അവസാനിപ്പിക്കുക. വെളിപ്പാടിന്റെയും ബൈബിളിന്റെ മൊത്തത്തിലുമുള്ള മൂർദ്ധന്യാവസ്ഥയാണ് അദ്ധ്യായങ്ങൾ 20 ഉം 21 ഉം എന്ന് മിക്ക എഴുത്തുകാരും സമ്മതിക്കും. തന്റെ വായനക്കാരോട് അവരുടെ ബൈബിളിൽനിന്ന് വെളിപ്പാട് ഇരുപത്തി ഒന്നാം അദ്ധ്യായം കീറിക്കളഞ്ഞാൽ എന്തു സംഭവിക്കും എന്ന് ചോദിച്ചു: "അങ്ങനെയായാൽ, നിങ്ങളുടെ ജീവിതത്തിലെ ശേഷിച്ച സമയങ്ങൾ, 'നഷ്ടപ്പെട്ട ആ രേഖ' കണ്ടെത്തുവാനുള്ള ശ്രമത്തിലായിരിക്കും എന്ന് ഞാൻ കരുതുന്നു. അത് ഹാന്റിലിന്റെ മെസയ്യാവിൽനിന്ന് 'ഹല്ലേലുയ്യാ ഗാനം' എടുത്തുകളയുന്നതു പോലെ ആയിരിക്കും".[9]

വെളിപ്പാട് 21 ഉം 22 ഉം ഭൂമിയിലെ സഭയെക്കുറിച്ചാണ് പറയുന്നതെന്ന് വിശ്വസിക്കുന്നവർ പറയുന്നത്, ആ വേദഭാഗത്തിലെ പല പ്രയോഗങ്ങളും പഴയനിയമത്തിൽ മശിഹയുടെ രാജ്യം/സഭ സ്ഥാപിക്കപ്പെടുമെന്ന പ്രവചനങ്ങളുമായി യോജിക്കുന്നു എന്നാണ്. "പുതിയ യെരുശലേം" എന്ന വാക്ക് മറ്റു ഭാഗങ്ങളിൽ സഭയെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത് എന്നാണ് അവർ ചൂണ്ടി കാണിക്കുന്നത്. അവ രണ്ടും ഞാൻ സംശയിക്കുന്നില്ല. എന്നാൽ അവസാനത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു - വേർപിരിക്കാനാവാത്ത ബന്ധമാണ് - സഭയും സ്വർഗവും തമ്മിലുള്ളത്.

ഒരു യാഥാർത്ഥ്യത്തിന്റെ രണ്ട് മൂലകങ്ങളാണ് സഭയും സ്വർഗവും. ഉദാഹരണത്തിന്, രണ്ടിനേയും "രാജ്യം" എന്ന് വിളിച്ചിരിക്കുന്നു. ദൈവം വാഴുന്ന ഒന്നിനെയാണ് "രാജ്യം" എന്ന് വിളിച്ചിരിക്കുന്നത്. ഈ കാലത്ത് ഭൗമിക പ്രകടനമാണ് സഭ (മത്തായി 16:18, 19), എന്നാൽ അതിന്റെ സ്വർഗീയ വശത്തെ സ്വർഗമെന്നാണ് വിളിച്ചിരിക്കുന്നത് (മത്തായി 6:9, 10, 20).[10] അതുകൊണ്ട് രാജ്യത്തിലാ*കുന്നതിനെ കുറിച്ച്* പുതിയനിയമ എഴുത്തുകാർ പറഞ്ഞിരിക്കുന്നു (മറ്റൊരുവിധത്തിൽ പറഞ്ഞാൽ സഭ; കൊലൊസ്സ്യർ 1:13; എബ്രായർ 12:28; വെളിപ്പാട് 1:6, 9; 5:10), പക്ഷെ അതേ സമയം അവർ ഭാവിയിൽ ഒരിക്കൽ

രാജ്യത്തിൽ *പ്രവേശിക്കുവാൻ* ആഗ്രഹിക്കയും ചെയ്തിരുന്നു (അതായത്, സ്വർഗം; പ്രവൃത്താികൾ 14:22; 2 തിമൊഥെയൊസ് 4:18; യാക്കോബ് 2:5; 2 പത്രൊസ് 1:11).[11]

സഭയും സ്വർഗവും തമ്മിൽ അടുത്ത ബന്ധം ഉള്ളതിനാൽ, സഭയിലെ അംഗങ്ങൾ (ക്രിസ്ത്യാനികൾ) ഇപ്പോൾ ആസ്വദിക്കുന്ന അനുഗ്രഹങ്ങൾ, സ്വർഗത്തിൽ ആസ്വദിക്കുവാനിരിക്കുന്നവയുടെ മുൻ നിഴലാണെന്ന് ചിന്തിക്കണം. ഈ ചിത്രീകരണം പരിഗണിക്കുക: തന്റെ സഭയോട് ചേരുവാൻ സ്നാനം ഏൽക്കുന്ന എല്ലാവർക്കും ദൈവം തന്റെ പരിശുദ്ധാത്മാവിനെ നൽകും (പ്രവൃത്തികൾ 2:38, 41, 47). ആ ദാനത്തെ കുറിച്ച് പൗലൊസ് എഴുതി, "... തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (എഫെസ്യർ 1:13, 14). എൻഐവിയിൽ "നിങ്ങളെ വാഗ്ദത്ത നിക്ഷേപമായ പരിശുദ്ധാത്മാവിനാൽ അടയാളപ്പെടുത്തിയിരിക്കുന്നു" എന്നാണ്. നിക്ഷേപം അച്ചാരമാണ്; അതേ സാധനം തന്നെ ബാക്കി തുക നൽകുമ്പോൾ കൊടുക്കണമെന്ന് ഉറപ്പിക്കുന്നതാണ് അത്. ഇപ്പോൾ ദൈവത്തിന്റെ ആത്മാവ് *ആസ്വദിക്കുന്നതിന്* നൽകിയിരിക്കുന്നത്, നിത്യമായ അവകാശത്തിന്റെ "ഉറപ്പാണ്" - ഇപ്പോൾ നമുക്ക് ഉള്ളതിനേക്കാൾ അടുപ്പം അന്ന് ദൈവവുമായി ഉണ്ടാകും (വെളിപ്പാട് 21:3).

അതുകൊണ്ട്, വെളിപ്പാട് 21 ലെയും 22 ലെയും വാക്കുകൾ പഴയനിയമ പ്രവാചകന്മാർ വരുവാനുള്ള മശിഹാ രാജ്യത്തെ കുറിച്ച് പ്രവചിച്ച് പറഞ്ഞതിൽ എനിക്ക് അതിശയം തോന്നുന്നില്ല. അതുപോലെ സഭയുടെ അനുഗ്രഹങ്ങളെ പറയുവാൻ ഉപയോഗിച്ച വാക്കുകൾ തന്നെ സ്വർഗത്തിലെ അനുഗ്രഹങ്ങളെ കുറിച്ചു പറയുവാനും ഉപയോഗിച്ചതിലും അതിശയിക്കാനില്ല. സഭ സ്ഥാപിച്ചതോടെ അത് അവസാനിക്കുന്നില്ല. മനുഷ്യരെ ദൈവത്തിലേക്ക് മടക്കി വരുത്തുവാനാണ് സഭ സ്ഥാപിച്ചത്, അങ്ങനെ ഭൗമിക പറുദീസയിൽ നഷ്ടമായത് (ഉൽപത്തി 2; 3) സ്വർഗീയ പറുദീസയിൽ പുനസ്ഥാപിക്കപ്പെടും (വെളിപ്പാട് 22:1, 2).

21:1–22:5 പറയുന്നത്, സ്വർഗത്തെ കുറിച്ചാണെന്നാണ്, ഞാൻ വിശ്വസിക്കുന്നത്. അതിനർത്ഥം നമ്മുടെ ചർച്ചയിൽ സഭയെ അവഗണിക്കണം എന്നല്ല. ദൈവജനം, *തേജസ്ക്കരിക്കപ്പെട്ട* സഭയായി നിത്യമായ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നത് നാം കാണും. ഈ അദ്ധ്യായങ്ങളിൽ, ദൈവ*ജന*ത്തെയും (സഭ) *സ്ഥല*ത്തെയും (സ്വർഗം) വേർതിരിച്ചറിയുക പ്രയാസമാണ്.

## "സ്വർഗത്തെ കുറിച്ച് വേദഭാഗം എന്തു പറയുന്നു?"

നാം മുൻപ് കണ്ടതുപോലെ, ആദ്യത്തെ എട്ട് വാക്യങ്ങൾ സ്വർഗത്തിന്റെ *പുതുമയെയാണ്* ഊന്നി പറയുന്നത്. സ്വർഗം എത്ര മഹത്തരമായിരിക്കുമെന്ന് യോഹന്നാൻ ദൈവശ്വാസിയമായി മാനുഷികപരിധിയിൽ വിവരിക്കുകയാണ്.

### ഒരു പുതിയ പരിതസ്ഥിതി (21:1)

അപ്പൊസ്തലൻ പറഞ്ഞുതുടങ്ങി, "ഞാൻ പുതിയ ആകാശവും[12] പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി" (വാ. 1). നമ്മുടെ കഴിഞ്ഞ പാഠത്തിൽ, ദൈവസന്നിധിയിൽനിന്ന് "ആകാശവും ഭൂമിയും ഓടി പോയതായി" നാം കണ്ടു, പിന്നെ അവയ്ക്ക് "സ്ഥാനം

കണ്ടില്ല" (20:11). അത് "പുതിയ ആകാശത്തിനും" "പുതിയ ഭൂമിക്കും" വഴി ഒരുക്കുന്നതിനായിരുന്നു.

"പുതിയ ഭൂമി" എന്ന പ്രയോഗം എഴുത്തുകാരെ പരിഭ്രാന്തരാക്കുന്നു. പരിഷ്ക്കരിച്ച ഭൗതികഭൂമിയെ കുറിച്ച് പലരും പല സിദ്ധാന്തങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്. എങ്ങനെയായാലും, ഭൗതിക പ്രപഞ്ചം നശിപ്പിക്കുമെന്ന് ബൈബിൾ വളരെ വ്യക്തമായി പറയുന്നു.[13] "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും" എന്ന് യേശു വ്യക്തമായി പറഞ്ഞിരിക്കുന്നു (മത്തായി 24:35; മത്തായി 5:18 നോക്കുക). സൃഷ്ടിക്കപ്പെട്ടവയെല്ലാം പുതുക്കപ്പെടുമെന്ന് എബ്രായ ലേഖകൻ പറഞ്ഞിരിക്കുന്നു (എബ്രായർ 12:27). "ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകുമെന്നും ഭൂമിയും അതിലെ മൂലകങ്ങളെല്ലാം വെന്തുപോകുമെന്നും" പത്രൊസ് പറഞ്ഞിരിക്കുന്നു (2 പത്രൊസ് 3:12).

പിന്നെ, എന്തുകൊണ്ടാണ് യോഹന്നാൻ "പുതിയ ഭൂമി" എന്ന് പറഞ്ഞത്? ആദ്യം തന്നെ, അവൻ ക്രമ*മാറ്റത്തിന്* മുമ്പിലത്തെ എഴുത്തുകാരുടെ വാക്കുകൾ കടമെടുക്കുകയായിരുന്നു. യെശയ്യാവ് "പുതിയ ആകാശവും പുതിയ ഭൂമിയും" എന്ന പദപ്രയോഗം മശിഹാ പ്രവചനത്തിന്റെ ഭാഗമായി നടത്തിയിട്ടുണ്ട് (യെശയ്യാവ് 65:17; 66:22 നോക്കുക). ഭാവിയിലുള്ള സ്വർഗത്തെ നോക്കി പത്രൊസും ആ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട് (2 പത്രൊസ് 3:13).

കൂടാതെ, യോഹന്നാൻ ദൈവശ്വാസിയമായി, തന്റെ വായനക്കാർക്ക് പരിചയമുള്ള വാക്കുകളായിരുന്നു ഉപയോഗിച്ചത്. ആദ്യത്തെ സൃഷ്ടിയെ കുറിച്ച് മോശെ പറഞ്ഞു, "ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി 1:1). ഇപ്പോൾ, യോഹന്നാൻ രണ്ടാമത്തെ (ആത്മിയ) സൃഷ്ടിയെ വിവരിച്ചു പറഞ്ഞു, "ഞാൻ *പുതിയ* ആകാശവും പുതിയ ഭൂമിയും കണ്ടു." (എംഫസിസ് മൈൻ.) മോശെ "ആകാശവും ഭൂമിയും" എന്ന് ചേർത്ത് പറഞ്ഞപ്പോൾ, അതിൽ ഭൗതികമായ *എല്ലാ* (താൽക്കാലിക) സൃഷ്ടികളും ഉൾപ്പെട്ടിരുന്നു (പ്രവൃത്തികൾ 4:24; 17:24), അതുപോലെ യോഹന്നാൻ പറഞ്ഞ "പുതിയ ആകാശവും പുതിയ ഭൂമിയും" എന്ന പ്രയോഗത്തിലും എല്ലാ ആത്മിയ (നിത്യമായ) സൃഷ്ടികളും ഉൾപ്പെട്ടിരിക്കുന്നു.

"പുതിയ ആകാശവും പുതിയ ഭൂമിയും" ഈ പ്രപഞ്ചവും നീങ്ങപ്പെട്ടാൽ നമുക്ക് ജീവിച്ച് സേവിക്കേണ്ടതിന് ദൈവം ഒരു പുതിയ പരിതസ്ഥിതി ഒരുക്കുമെന്ന് ഉറപ്പ് നൽകുന്നു. പൗലൊസ് പറഞ്ഞതനുസരിച്ച്, ഉയർത്തെഴുന്നേൽപിന് ശേഷം ശരീരമില്ലാത്തവരാകുകയില്ല, നമുക്ക് *ശരീരങ്ങൾ* നൽകും - ആത്മിയ ശരീരങ്ങളായിരിക്കും, അക്ഷയമായ ശരീരങ്ങളായിരിക്കും, തേജസ്ക്കരിക്കപ്പെട്ട ശരീരങ്ങളായിരിക്കും, അപ്പോഴും ശരീരത്തോടു കൂടിയായിരിക്കും (1 കൊരിന്ത്യർ 15:35, 42-44; 2 കൊരിന്ത്യർ 4:16-5:4).[14] ആ ആത്മിയ ശരീരങ്ങൾക്ക് ജീവിച്ച് പ്രവർത്തിക്കുവാൻ ഒരു സ്ഥലമുണ്ടാകും. ഭൗതികശരീരങ്ങൾക്ക് ഭൗതികമായ ആകാശവും ഭൂമിയും ആവശ്യമുള്ളതുപോലെ, ആത്മിയ ശരീരങ്ങൾക്ക് ആത്മിയ "ആകാശവും ഭൂമിയും" വേണം. യേശു പറഞ്ഞു, "ഞാൻ നിങ്ങൾക്ക് *ഒരു സ്ഥലം* ഒരുക്കുവാൻ പോകുന്നു" (യോഹന്നാൻ 14:2; എംഫസിസ് മൈൻ). ആ ഒരുക്കുന്ന സ്ഥലത്തെ പരിശുദ്ധാത്മാവ് വിളിച്ചത് "പുതിയ ആകാശവും പുതിയ ഭൂമിയും" എന്നാണ്.

എങ്ങനെയായാലും, "പുതിയ ആകാശത്തെയും" "പുതിയ ഭൂമിയെയും" കുറിച്ച് കൂടുതൽ ആകുലപ്പെടേണ്ട ആവശ്യമില്ല, രണ്ട് വ്യത്യസ്ത പ്രതലത്തെ സങ്കൽപിക്കയും വേണ്ട. ലിയോൺ മോറിസ് നിരീക്ഷിച്ചത് "പുതിയ യെരു

ശലേം ഇറങ്ങി വന്നപ്പോൾ ഭൂമിക്കും ആകാശത്തിനും വലിയ വ്യത്യാസമില്ലായിരുന്നു."[15] ജി. ബി. കെയിഡ് പറഞ്ഞതു, ആ സമയത്ത്, "രണ്ടും തമ്മിലുള്ള വ്യത്യാസം മറന്നുപോയി"[16] എന്നാണ്.

വാക്യം 1 ന്റെ അവസാനം ഒരു കടങ്കഥയുണ്ട്: "സമുദ്രവും ഇനി ഇല്ല" (വാ. 1).[17] വെളിപ്പാടിൽ "സമുദ്രം" എന്ന ആശയം വേർപാടിനെ കാണിക്കുന്നു എന്നതാണ് പ്രചാരത്തിലിരിക്കുന്ന വ്യാഖ്യാനം. ആസ്യയിലുള്ള തന്റെ സ്നേഹിതന്മാരെയും തന്നെയും തമ്മിൽ *വേർപെടുത്തിയത്* മദ്ധ്യധരണ്യാഴി "കടലായിരുന്നു". അതുപോലെ, മുൻപ് വെളിപ്പാടിൽ സിംഹാസനത്തിനു മുമ്പിൽ കടൽ കാണിച്ചിരുന്നു (4:6), അത് മനുഷ്യരെ ദൈവത്തിൽനിന്നു വേർവെടുത്തുന്നതായിരുന്നു.[18] ഇനി സമുദ്രം ഇല്ല, ദൈവം തന്റെ ജനത്തോടുകൂടെ വസിക്കും (21:3).[19]

"ഇനി സമുദ്രവും ... ഇല്ല" എന്നത് സൂചിപ്പിക്കുന്നത്, പുതിയ ആകാശവും പുതിയ ഭൂമിയും *വ്യത്യസ്തമായിരിക്കും* എന്നാണ്. നമ്മുടെ ഇപ്പോഴത്തെ ഭൂമിയിൽ നാലിൽ-മൂന്നുഭാഗം വെള്ളമാണ്. അങ്ങനെയല്ലായിരുന്നുവെങ്കിൽ ഈ ഗ്രഹത്തിലെ ജീവിതം ദുഷ്ക്കരമാകുമായിരുന്നു. അതിൽനിന്നു വ്യത്യസ്തമായി, "പുതിയ ഭൂമിയിൽ" സമുദ്രമേ ഇല്ല. അത് പ്രത്യേകതയുള്ളതാണ്. അത് *പുതിയതു*മാണ്.

ഇത് എന്നെ വേദഭാഗത്തിലെ ഊന്നലിലേക്ക് തിരിച്ചുവരുവാൻ പ്രേരിപ്പിക്കുന്നു: ആകാശത്തിന്റെ *പുതുമ*. വാക്യങ്ങൾ 1 മതൽ 8 വരെയുള്ള ഭാഗങ്ങളിലെ "പുതിയ" എന്ന വാക്ക് ഗ്രീക്ക് വാക്ക് *കയിനോസ്* തർജിമ ചെയ്തതാണ്, അർത്ഥം, "തരത്തിലും ഗുണത്തിലും പുതിയത്" എന്നാണ്.[20] "യോഹന്നാൻ ഒരു വസ്തുവിന്റെ മറ്റൊരു പതിപ്പിനായിരുന്നില്ല നോക്കിയത്."[21]

**ഒരു പുതിയ വാസസ്ഥലം (21:2)**

യോഹന്നാൻ തുടർന്നു, "പുതിയ യെരുശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു" (വാ. 2). വെളിപ്പാടിൽ മുൻപ്, "സ്വർഗത്തിൽനിന്നു തന്നെ ഇറങ്ങുന്ന പുതിയ യെരുശലേമെന്ന എന്റെ ദൈവത്തിൻ നഗരം"[22] എന്ന് യേശു പറയുകയുണ്ടായി (3:12).

പുതിയ നിയമത്തിൽ, പല പ്രാവശ്യം, "പഴയ" (ഭൗമിക) യെരുശലേമിൽ നിന്നു വ്യത്യസ്തമായിട്ടാണ് "പുതിയ" (സ്വർഗീയ) യെരുശലേമിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, പൗലൊസ് ഗലാത്യ ലേഖനത്തിൽ ഉപയോഗിക്കുന്ന ദൃഷ്ടാന്തത്തിൽ, ഹാഗാറിനെ എടുത്ത് "ഇപ്പോഴത്തെ യെരുശലേമിനെ മക്കളോടുകൂടെ അടിമത്വത്തിലാണ് എന്ന് പറഞ്ഞിരിക്കുന്നു, എന്നാൽ പുതിയ യെരുശലേം, ഉയരത്തിൽനിന്നുള്ളതും സ്വതന്ത്രയുമാണ്; അവൾ നമ്മുടെ അമ്മയല്ലൊ" (ഗലാത്യർ 4:25, 26; എംഫസിസ് മൈൻ). വീണ്ടും, യെഹൂദമതത്തേക്കാൾ ഉയർന്നതാണ് ക്രിസ്ത്യാനിത്വം എന്ന് പറഞ്ഞ്, എഴുതി,

> നിങ്ങൾ [ക്രിസ്ത്യാനികൾ] സീയോൻ പർവ്വതത്തിനും *ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗീയ യെരുശലേമിന്നും* അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗത്തിൽ പേരെഴുതിയിരിക്കന്ന ആദ്യജാതന്മാരുടെ സഭയ്ക്കും *എല്ലാവരുടേയും* ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ

മദ്ധ്യസ്ഥനായ യേശുവിന്നും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത് ... (എബ്രായർ 12:22-24; എംഫസിസ് മൈൻ).

യോഹന്നാൻ വെളിപ്പാട് എഴുതിയപ്പോൾ, ഇരുപത് വർഷങ്ങൾക്ക് മുൻപ് "പഴയ" യെരുശലേമിനെ റോമാക്കാർ നശിപ്പിച്ചിരുന്നു; എന്നാൽ ക്രിസ്ത്യാനികൾക്ക് "പുതിയ" യെരുശലേം നോക്കി പാർക്കാം, "അതിന്റെ ശിൽപിയും നിർമ്മാതാവും, ദൈവമാണ്" (എബ്രായർ 11:10; എബ്രായർ 13:14). ആ നഗരത്തെ വിശദമായി 21:10-22:5-ൽ വിവരിക്കുന്നു.

നാം സ്വർഗത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, ഉപകാരപ്രദമായ പട്ടണങ്ങളും ടൗണുകളുമാണ് നമ്മുടെ മനസിലേക്ക് വരുന്നത്. വില്യം ഹെൻഡ്രിക്സൺ പറഞ്ഞു, "ഒരു നഗരം എന്നു പറയുമ്പോൾ നമ്മുടെ മനസിലേക്ക് വരുന്നത്, സ്ഥിരതാമസവും, അസംഖ്യം തദ്ദേശവാസികളും, സുരക്ഷിതത്വവും, ഭദ്രതയും, കൂട്ടായ്മയും, സൗന്ദര്യവുമാണ്."[23] സ്വർഗം ഒരു ഒറ്റപ്പെട്ട സ്ഥലമല്ല; നാം ജീവിക്കയും, പ്രവർത്തിക്കയും, മറ്റുള്ളവരുമായി ബന്ധപ്പെടുകയും ചെയ്യുന്നു.

"പുതിയ യെരുശലേം" "സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന്" ഇറങ്ങുന്നത് എന്നു പറഞ്ഞിരിക്കുന്നത് ഭൂമിയിലെ സഭയെ കുറിച്ചാണ് എന്ന് ചിലർ പറയുന്നു. അവർ ചോദിക്കുന്നത്, "സ്വർഗത്തിൽനിന്ന് സ്വർഗം എങ്ങനെ ഇറങ്ങിവരും?"[24] ഇത് ആലങ്കാരികമാണ് എന്ന കാര്യം അവർ വിസ്മരിക്കുന്നു. "പുതിയ യെരുശലേം" അക്ഷരികമായി സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങുകയില്ല, കാരണം പഴയ ഭൂമി ഇല്ലാതായി. കൂടാതെ, നാം മുൻപ് കണ്ടുകഴിഞ്ഞതുപോലെ, "പുതിയ ആകാശവും" "പുതിയ ഭൂമിയും" തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതുടനെ ഇല്ലാതാകും. "സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു" എന്നു പറഞ്ഞത്, ദിശയെയോ അന്തിമസ്ഥാനത്തെയോ കാണിക്കേണ്ടതിനല്ല, മറിച്ച് *ദൈവിക ഉത്ഭവത്തെ*[25] കാണിക്കുന്നതിനാണ്. "നിത്യമായ അനുഗ്രഹങ്ങൾ മനുഷ്യ പ്രയത്നത്താലല്ല, പിന്നെയോ ദൈവത്തിന്റെ ദാനമായി ലഭിക്കുന്നതാണ്."[26]

**ഒരു പുതിയ സന്തോഷം (21:2)**

അദ്ധ്യായം 21 സഭയെ കുറിച്ച് സംസാരിക്കുന്നു,[27] പക്ഷെ ഭൂമിയിലെ സഭയെ കുറിച്ചല്ല. വെളിപ്പാടിലെ സ്ഥലത്തെയും (സ്വർഗം) ആളുകളെയും (സഭ) വേർതിരിക്കുക പ്രയാസമാണ് എന്നു ഞാൻ, മുൻപ് പറഞ്ഞുവല്ലൊ. ആ വസ്തുത വാക്യം 2 ചിത്രീകരിക്കുന്നു. ഒരു നഗരത്തിന്റെ ഭാവന ഉപയോഗിച്ച ശേഷം, യോഹന്നാൻ മറ്റൊരു അലങ്കാരത്തിലേക്ക് തിരിയുന്നു: "വിശുദ്ധനഗരം ഭർത്താവിനായി *അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപോലെ* ഒരുങ്ങി" (വാ. 2; എംഫസിസ് മൈൻ). കുറച്ചുകഴിഞ്ഞ്, നഗരത്തെ "കുഞ്ഞാടിന്റെ കാന്തയായ മണവാട്ടി" എന്ന് വിശേഷിപ്പിക്കുന്നു (വാ. 9).

*സഭ* ക്രിസ്തുവിന്റെ മണവാട്ടി ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:22-32; 2 കൊരിന്ത്യർ 11:2; റോമർ 7:4 നോക്കുക) അവൻ പിന്നെയും പറയുന്നു, "അവൻ കറ. ചുളുക്കം മുതലായതു ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കുതന്നെ തേജസോടെ മുന്നിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപിച്ചുകൊടുത്തു" (എഫെസ്യർ 5:27). 21:2 പറയുന്നത് "തന്റെ വീണ്ടെടുപ്പുകാരനുവേണ്ടി ഒരുങ്ങി തേജസ്ക്കരിക്കപ്പെട്ടിരിക്കയാണ് ... ദൈവത്തിന്റെ സഭ "[28] എന്ന് മിക്ക എഴുത്തുകാരും

സമ്മതിക്കും.

അദ്ധ്യായം 19 മുതൽ, നാം "കുഞ്ഞാടിന്റെ കല്ല്യാണത്തിനും" (19:7) "കല്ല്യാണസദ്യക്കുമായി" കാത്തിരിക്കുകയാണ് (19:9).[29] അവസാനം 21:2-ൽ, ആഘോഷസമയത്തേക്ക് നമ്മെ കൊണ്ടുവന്നിരിക്കുന്നു. സ്വർഗത്തിലെ ഏറ്റവും "സന്തോഷപ്രദമായ അവസരമാണ്" കുഞ്ഞാടിന്റെ കല്ല്യാണം എന്ന് ആരോ പറഞ്ഞിരിക്കുന്നു.

"ഭർത്താവിനു വേണ്ടി അലങ്കരിച്ച മണവാട്ടി" എന്നു പറഞ്ഞിരിക്കുന്നത് സഭയുടെ തേജസിനെയാണ്. ഞാൻ ഇത്രയും വർഷം വിവാഹം നടത്തിക്കൊടുത്തതിൽ ഒന്നിലും ഒരു വിരൂപയായ മണവാട്ടിയെ ഞാൻ കണ്ടിട്ടില്ല. ഓരോരുത്തരും എങ്ങനെയെല്ലാം ഭർത്താവിനായി ഒരുങ്ങാമോ അത്തരത്തിലെല്ലാം മാറിയാണ് വിവാഹത്തിന് വന്നിരുന്നത്. കൂടാതെ, വിവാഹം സൂചിപ്പിക്കുന്നത് യേശുവിന് തന്റെ സഭയോടുള്ള തുടർച്ചയായ സ്നേഹത്തെയാണ്.

## ഒരു പുതിയ അടുപ്പം (21:3, 7)

യോഹന്നാൻ പറഞ്ഞു, "സിംഹാസനത്തിൽനിന്ന് ഒരു മഹാ ശബ്ദം[30] പറയുന്നതായി ഞാൻ കേട്ടു" (വാ. 3). സംസാരിച്ചത് ആരാണെന്ന് നമ്മോട് പറയുന്നില്ല; അത് ഒരു പക്ഷെ നാല് ജീവികളിൽ ഒരാളായിരിക്കാം.[31] ആ ശബ്ദം പറഞ്ഞു, "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം" (വാ. 3). മരുഭൂമിയിലായിരുന്ന യിസ്രായേൽ പാളയത്തിനു നടുവിൽ ഉണ്ടാക്കിയിരുന്ന സമാഗമനകൂടാരത്തെയാണ് ഇത് ഓർപ്പിക്കുന്നത്. ദൈവം യിസ്രായേലിനോടുകൂടെയുണ്ടെന്ന് തെളിയിക്കുന്നതായിരുന്നു സമാഗമനകൂടാരം.

ആ ശബ്ദം തുടർന്നു, "അവൻ അവരോടുകൂടെ വസിക്കും, അവർ അവന്റെ ജനമായിരിക്കും;[32] ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും" (വാ. 3).[33] വാക്യം 7-ൽ, പുതിയ ബന്ധത്തിന്റെ അടുപ്പത്തെ ഉറപ്പിച്ചു കർത്താവ് പറയുന്നു, "ഞാൻ അവന്നു ദൈവവും അവൻ എനിക്ക് മകനും ആയിരിക്കും" (വാ. 7).[34]

ഇപ്പോൾ ആസ്വദിക്കുന്നതും സ്വർഗത്തിൽ പൂർത്തീകരിക്കുന്നതുമായ അനുഗ്രഹത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഇത്. വിശ്വാസത്താലും സ്നാനത്താലും നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആകുന്നു (ഗലാത്യർ 3:26, 27; 4:7). യോഹന്നാൻ എഴുതി, "കാൺമീൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു" (1 യോഹന്നാൻ 3:1). ഇപ്പോൾ നാം കർത്താവിനോടുള്ള പ്രത്യേക ബന്ധം ആസ്വദിക്കയും, അവന്റെ സാമീപ്യവും സ്നേഹവും അറിയുകയും ചെയ്യുന്നു. എന്നാൽ *അന്ന്* - നാം ദൈവമുൻപാകെ നിൽക്കുമ്പോൾ, അവന്റെ സ്നേഹം നമ്മിൽ നിറഞ്ഞുകവിയും - അങ്ങനെ അവന്റെ മക്കളാകുക എന്നു പറഞ്ഞാൽ വാസ്തവത്തിൽ എന്താണെന്ന് അപ്പോൾ നാം അറിയും!

## ഒരു പുതിയ അലിവ് (21:4)

ഈ പുതിയ അടുപ്പത്തിന്റെ ഫലം എന്തായിരിക്കും? ആദ്യം, ദൈവം "അവരുടെ കണ്ണിൽനിന്നു[35] കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും, മരണവും, മുറവിളിയും ഇനി ഉണ്ടാകയില്ല, ഒന്നാമത്തേത് കഴിഞ്ഞുപോയി" (വാ. 4).

പാപം ലോകത്തിൽ വന്നതുമുതൽ ലോകത്തിൽ വീണ കണ്ണുനീർ കട

ലിനെ കുറിച്ച് ഓർക്കുക. ദൈവം എല്ലാ കണ്ണുനീരും നീക്കി കളയും! (ഇതു വായിച്ച് ഒരു ചെറിയ പെൺകുട്ടി പറഞ്ഞു, "ദൈവത്തിന്റെ കയ്യിൽ ഒരു വലിയ തൂവാല ഉണ്ടായിരിക്കും!") മൂലഗ്രന്ഥം അക്ഷരാർത്ഥത്തിൽ പറയുന്നത്, "അവൻ അവരുടെ കണ്ണുകളിൽ*നിന്ന്* എല്ലാ കണ്ണുനീരും തുടച്ചുകളയും" എന്നാണ്. ദൈവം കണ്ണുനീർ തുടക്കുക മാത്രമല്ല, കണ്ണുനീരിന്റെ കാരണവും ഇല്ലാതാക്കും.

നമ്മുടെ കണ്ണുനീരിന്റെ മുഖ്യമായ ഉറവിടം മരണമാണ്. പ്രിയപ്പെട്ടവർ മരിച്ചുകഴിയുമ്പോൾ നാം കല്ലറക്കൽ ചെന്ന്, അവരോട് യാത്രാമൊഴി ചൊല്ലും. സ്വർഗത്തിൽ "ഇനി മരണം ഉണ്ടാകയില്ല" (20:14). അങ്ങനെ ഉൽപത്തി 3 ലെ ശാപവും ഇല്ലാതാക്കി (ഉൽപത്തി 3:3, 19 നോക്കുക)!

കൂടാതെ അവിടെ "ദുഃഖമോ, മരണമോ, മുറവിളിയോ ഉണ്ടാകയില്ല." കാരണം "ഒന്നാമത്തേത് കഴിഞ്ഞുപോയി" പാപം ലോകത്തിലേക്ക് വന്നപ്പോൾ നമ്മുടെ ജീവിതത്തിന് മങ്ങലേൽപിച്ച എല്ലാം നീക്കം ചെയ്യും.

വാക്യം 4-ൽ സ്വർഗത്തെ ക്രിയാത്മകമായി പറയാതെ നിഷേധ സൂചകമായി വിവരിക്കുവാൻ കാരണം എന്താണ്? ഒരുപക്ഷെ അങ്ങനെ ആളുകൾക്ക് വാഗ്ദാനങ്ങൾ തിരിച്ചറിയുവാനായിരിക്കും. എല്ലാവരും സന്തോഷം അറിഞ്ഞിട്ടില്ല. ചിലർ ചിരിച്ചിട്ടേയില്ല. എന്നാൽ എല്ലാവരും കരഞ്ഞിട്ടുണ്ട്. ചിലർ വേദനയിൽ നിന്നു മോചിതരാട്ടില്ല. പക്ഷെ കഷ്ടത എന്താണെന്ന് എല്ലാവർക്കും അറിയാം. രോഗവും വേദനയുമെല്ലാം കഴിഞ്ഞുപോയിട്ട്, എല്ലാവർക്കും നിത്യമായ സന്തോഷം നൽകുന്നതായ ഒരു സ്ഥലം ലഭ്യമാകുന്നത് മനോഹരമല്ലേ?

വാക്യം 4-ൽ പറഞ്ഞിരിക്കുന്ന *ഒര*നുഗ്രഹം ഏതെങ്കിലും ഒരു ദ്വീപിൽ ഉള്ളതായി അറിഞ്ഞാൽ - കണ്ണുനീരും, മരണവും, ദുഃഖവുമില്ലാത്ത ഒരു സ്ഥലം. ആളുകൾ *എല്ലാം* വിറ്റ് ആ സ്ഥലത്തേക്ക് പോകുവാൻ ശ്രമിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ആ വാഗ്ദാനങ്ങളെല്ലാം സത്യമായ ഒരു സ്ഥലം ഉണ്ടെന്നിരിക്കെ - പലരും അവിടെ പോകണോ വേണ്ടയോ എന്ന കാര്യത്തിൽ അലംഭാവം കാണിച്ച് ജീവിക്കുന്നത് എത്രമാത്രം അസാധാരണം!

### ഒരു പുതിയ തൃപ്തി (21:6)

വാക്യം 3 ലും 4 ലും വാഗ്ദാനം ചെയ്തതുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതാണ് വാക്യം 6 ലെ വാഗ്ദാനങ്ങൾ. സ്വർഗത്തിൽ *എല്ലാ* ആവശ്യങ്ങളും തൃപ്തികരമായി നിറവേറ്റുമെന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്: "ദാഹിക്കുന്നവന്ന് ഞാൻ ജീവനീരുറവയിൽനിന്ന് സൗജന്യമായി കൊടുക്കും" (വാ. 6).[36]

വെളിപ്പാടിന്റെ ആദ്യ വായനക്കാരുടെ സ്ഥാനത്ത് നിങ്ങളെ നിർത്തിയാൽ മാത്രമെ നിങ്ങൾക്ക് ഈ വാഗ്ദാനങ്ങളെ അനുമോദിക്കുവാൻ കഴിയു: കാലാവസ്ഥ മോശമായി; ജലം ദുർല്ലഭമായും വിലയേറിയതുമായി. അന്ന്, മനുഷ്യന്റെ ആത്മിയമായ ആവശ്യങ്ങൾ ദൈവം നിറവേറ്റുമെന്ന് കാണിക്കുവാൻ വെള്ളമില്ലാത്ത അവസ്ഥയിൽ നീരുറവയിൽനിന്നു ജലം പുറപ്പെടുന്നതും ദാഹിക്കുന്നവൻ കുടിക്കട്ടെ എന്നു പറയുന്നതുമായ ചിത്രീകരണത്തേക്കാൾ ഫലപ്രദമായി വേറൊന്നില്ല.

ബൈബിളിൽ, ദാഹം എന്ന വാക്ക് അർത്ഥമാക്കുന്നത്, മനുഷ്യന്റെ ഉള്ളിൽനിന്നുള്ള ശുദ്ധവും, ഉയർന്നതും, വലുതുമായ ഒരാഗ്രഹത്തെയാണ് (സങ്കീർത്തനങ്ങൾ 36:9; 42:1; 63:1). യേശു പറഞ്ഞു, "നീതിക്കു വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തി ലഭിക്കും" (മത്തായി 5:6). ആളുക

ളുടെ ദാഹത്തിന് "ജീവജലം കൊണ്ട്" തൃപ്തി വരുത്തുമെന്നാണ് അവൻ പറഞ്ഞത് (യോഹന്നാൻ 4:10; യോഹന്നാൻ 7:37 നോക്കുക). ഈ ജീവിതത്തിൽ, നമ്മുടെ ആത്മിയ ദാഹം ഭാഗികമായേ ശമിക്കയുള്ളു, എന്നാൽ അടുത്ത ജീവിതത്തിൽ, "യേശു നമ്മെ ജീവജലത്തിലേക്ക് നയിക്കുമ്പോൾ" നമുക്ക് പൂർണ്ണമായ തൃപ്തി ലഭിക്കും (വെളിപ്പാട് 7:17). *പിന്നെ,* "ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സിംഹാസനത്തിൽ നിന്നുവരുന്ന സ്ഫടികതുല്യമായ ജീവജലത്തിനരികെ" നമുക്ക് വിശ്രമിക്കാം (22:1).

ദൈവം നൽകുന്നതെല്ലാം "വിലകൂടാതെയാണ്" എന്നോർക്കുക. "മനുഷ്യന്റെ ഭാഗത്ത് നിന്ന് അവർക്ക് ഒരിക്കലും 'വിലകൊടുക്കാൻ കഴിയുകയില്ല.'"[37] ഏറ്റവും ധനികരായവർക്ക് പോലും വാങ്ങുവാൻ കഴിയാത്ത ചില വസ്തുക്കളുണ്ട്; അവയിൽ ഒന്നാണ് സ്വർഗം. അവന്റെ മഹാ കൃപക്കായി ദൈവത്തിന് സ്തോത്രം!

**ഒരു പുതിയ ഉറപ്പ് (21:5, 6)**

ആ മനോഹരമായ വാഗ്ദാനങ്ങൾ എല്ലാം തീർച്ചയുള്ളതാണെന്ന് നമുക്ക് എങ്ങനെ അറിയാം? കർത്താവ് യോഹന്നാനോട് പറഞ്ഞു, "എഴുതുക[38], ഈ വചനം വിശ്വാസയോഗ്യവും സത്യവുമാകുന്നു" (വാ. 5; എബ്രായർ 6:18; 2 തിമൊഥെയൊസ് 2:13 നോക്കുക). ദൈവം പറഞ്ഞതു നമുക്ക് വിശ്വസിക്കാം!

കർത്താവ് തുടർന്നു, "സംഭവിച്ചു തീർന്നു" (വാ. 6). വേദഭാഗം അക്ഷരികമായി പറയുന്നത്, "അവ സംഭവിച്ചു തീർന്നു" *എന്നാണ്* – അതായത്, ദൈവം വാഗ്ദാനം ചെയ്തിരുന്നതെല്ലാം എന്നർത്ഥം. അവന്റെ വാഗ്ദാനങ്ങളെല്ലാം "നന്നായി സംഭവിക്കുമെന്ന്" നമുക്ക് ഉറപ്പിക്കാം.

ഭാവി ഉറപ്പിക്കാവുന്ന*തെന്തു*കൊണ്ട്? കാരണം ദൈവം നിത്യനാണ്. അവൻ പറഞ്ഞു, "ഞാൻ ആൽഫയും ഒമേഗയും ആകുന്നു, ആദ്യനും അന്ത്യനും ആകുന്നു" (വാ. 6).[39] ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ് "ആൽഫയും" "ഒമേഗയും."[40]

# A Ω

അതേ വാക്ക് വെളിപ്പാടിന്റെ ആരംഭത്തിലും ഉപയോഗിച്ചിട്ടുണ്ട് (1:8; കൂടാതെ 1:17; 3:14 നോക്കുക). അവിടെ, റോമിനു മുൻപും റോം ഇല്ലാതായതിനു ശേഷവും കർത്താവുണ്ടാകും എന്ന ചിന്തക്ക് അടിവരയിടുക.[41] ഇവിടെ, കർത്താവ് തുടങ്ങിയത്, പൂർത്തിയാക്കും എന്ന് ഊന്നി പറയുകയാണ്. അവൻ വാഗ്ദാനം ചെയ്തത്, നിറവേറ്റുക തന്നെ ചെയ്യും.[42] ഫലത്തിൽ, ദൈവം തന്റെ വാഗ്ദാനങ്ങളിൽ ഒപ്പു വെച്ചിരിക്കുകയാണ് (22:13 നോക്കുക).[43]

**ഒരു പുതിയ വിശുദ്ധി (21:7, 8)**

വേദഭാഗം നമ്മെ ഭാവിയിലേക്ക് ഉറ്റു നോക്കുവാൻ പ്രേരിപ്പിക്കുന്നു – എന്നാൽ അടുത്ത വാക്യം നമ്മെ വർത്തമാനകാലത്തിലേക്ക് മടക്കി കൊണ്ടുവരുന്നു: "ജയിക്കുന്നവന്[44] ഇത് അവകാശമായി ലഭിക്കും[45]" (വാ. 7). അടുത്ത ജീവിതത്തെ കുറിച്ച് പറഞ്ഞ് ആവേശം ജനിപ്പിക്കുക എന്നതല്ല പ

രിശുദ്ധാത്മാവിന്റെ ഉദ്ദേശം, ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുകയായിരുന്നു.

"ജയിക്കുന്നവൻ [ജയിക്കുന്നവന്]" എന്ന പ്രയോഗം നമുക്ക് പരിചയമുള്ളതാണ്. ഏഴു സഭകൾക്ക് ദൂത് എഴുതി അറിയിക്കുമ്പോൾ, അത് വീണ്ടും ആവർത്തിക്കുന്നുണ്ട് (2:7, 11, 17, 26; 3:5, 12, 21).[46] 21:7 ലെ അതിന്റെ ഉപയോഗം, മറ്റു വാഗ്ദാനങ്ങളുമായി യോജിക്കുന്നതാണ്. "നിങ്ങൾക്ക് ഈ കാര്യങ്ങളെല്ലാം ആസ്വദിക്കണമെങ്കിൽ," കർത്താവ്, ഫലത്തിൽ പറയുന്നു, "നിങ്ങൾ ജയിക്കുകയും, മരണത്തോളം-വിശ്വസ്തനും ആയിരിക്കണം" (2:10).

നന്മയിൽ ജയിക്കുന്നതിന് പകരം ഒരാൾ - പരീക്ഷണത്താലും ഭീഷണിയാലും തെറ്റി പോകുകയാണെങ്കിലോ? അവിശ്വസ്തരുടെ അന്തിമസ്ഥാനത്തെ വാക്യം 8 രേഖപ്പെടുത്തിയിരിക്കുന്നു:

> എന്നാൽ ഭീരുക്കൾ,[47] അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാൽ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന തീപ്പൊയ്കയിലത്രെ. അത് രണ്ടാമത്തെ മരണം.

കർത്താവിനോടുള്ള ഭക്തി നിലനിർത്തിക്കൊണ്ടുപോകണോ വേണ്ടയോ എന്ന തീരുമാനം എടുക്കേണ്ടിയിരുന്ന ഒന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് പ്രത്യേക പ്രായോഗികത വരുത്തേണ്ടതായ പലതുണ്ടായിരുന്നു:ഭീരുക്കൾ അവർക്ക് നേരിട്ട ഉപദ്രവത്തിൽ ഭയന്നു വിറെച്ചു (2:10 നോക്കുക). "അവിശ്വാസികൾ" വീണുപോകാതിരിപ്പാനുള്ള വിശ്വാസം ഇല്ലാത്തവരായിരുന്നു (14:12). "അറെക്കപ്പെട്ടവർ" മഹതിയാം ബാബിലോന്റെ "മ്ലേഛത" പ്രവർത്തിച്ചവരാണ് (17:4, 5).[48] "കുലപാതകികളിൽ" വിശ്വസ്തരായ ക്രിസ്ത്യാനികളെ കൊന്നവരും ഉൾപ്പെടുന്നു (16:6; 17:6; 18:24).[49]ക്ഷുദ്രവും, ദുർന്നടപ്പും വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതാണ്[50] - പ്രത്യേകിച്ച് കൈസറിന്റെ ബിംബത്തെ നമസ്ക്കരിച്ചിരുന്നവർ (2:14, 20, 21; 9:21; 14:8). "ഭോഷ്ക്ക്" പറയുന്നവർ യേശു ദൈവപുത്രനാണെന്ന സത്യം നിരാകരിച്ചവരും ഉൾപ്പെടുന്നതാണ് (14:5 നോക്കുക).

പൊതുവായ പ്രായോഗികതയും വരുത്താം. ആ പാപങ്ങൾ ഇന്നും നമ്മെ പിന്തുടരുന്നുണ്ട്. അവ നമ്മെ വിഴുങ്ങാതിരിപ്പാൻ സൂക്ഷിക്കണം.[51]

## ഉപസംഹാരം (21:5)

നമ്മുടെ വേദഭാഗത്തിലെ മുഖ്യ വാഗ്ദാനം എത്ര മനോഹരമാണ്: "സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു, 'ഇതാ, ഞാൻ സകലവും പുതുതാക്കുന്നു'" (വാ. 5)!

വാഗ്ദാനം വർത്തമാനകാലത്തിലാണ്. ദൈവം പലതും പുതുതാക്കിയിട്ടുണ്ട്! നമുക്ക് ഒരു പുതിയ നിയമമുണ്ട്. (2 കൊരിന്ത്യർ 3:6; എബ്രായർ 8:8, 13; 9:15; 12:24), "ഒരു പുതിയ കല്പനയോടുകൂടി" (യോഹന്നാൻ 13:34), ക്രിസ്തുവിൽ നാം പുതിയ സൃഷ്ടികളാകുന്നു (2 കൊരിന്ത്യർ 5:17; ഗലാത്യർ 6:15; എഫെസ്യർ 4:24; കൊലൊസ്യർ 3:10). നാം "ജീവനുള്ള പുതുവഴിയിലാണ്" (എബ്രായർ 10:20). ഒരിക്കൽ, *എല്ലാം* പുതുതാക്കും! അത് നിങ്ങളെ സ്വർഗത്തിൽ പോകുവാൻ പ്രചോദിപ്പിക്കുന്നില്ലേ? അത് നിങ്ങളെ സ്വർഗത്തിൽ പോകുവാൻ *ജ്വലിപ്പിക്കുന്നില്ലേ?*

ഒരുക്കമുള്ളവർക്കായി ഒരുക്കിയ സ്ഥലമാണ് സ്വർഗം. നിങ്ങൾ സ്വർഗത്തിൽ പോകുവാൻ *ഒരുങ്ങിയോ?* നിങ്ങളുടെ വിശ്വാസത്താലും അനുസരണത്താലും ദൈവത്തിന്റെ കരുണയും കൃപയും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ (മത്തായി 7:21)? നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ടോ (ലൂക്കൊസ് 13:3)? സ്നാനത്താൽ നിങ്ങൾ അനുസരണം പ്രകടമാക്കിയോ (മർക്കൊസ് 16:16)? നിങ്ങൾ എടുത്ത സമർപ്പണം നിങ്ങൾ വിശ്വസ്തമായി പാലിച്ചിട്ടുണ്ടോ (വെളിപ്പാട് 2:10)? ലോകപ്രകാരമുള്ള ചിന്തകൾ നിങ്ങളുടെ ഹൃദയത്തിൽനിന്ന് സ്നേഹം എടുത്തു കളവാൻ സാധ്യതയില്ലേ? (മത്തായി 13:21, 22 നോക്കുക.)

ഒരു മനുഷ്യൻ ലോകത്തിൽ എന്തു നേടിയാലും സ്വർഗം നഷ്ടമാക്കിയാൽ ഒന്നുമില്ല; "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന് തന്നെക്കുറിച്ച് പറഞ്ഞു കേൾക്കുന്ന ഒരു മനുഷ്യന്റേയും ജീവിതം പരാജയമായിരിക്കുകയില്ല!

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠം നിങ്ങൾ ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, എല്ലാ മുഖ്യപോയിന്റും പറയേണ്ട ആവശ്യം ഉദിക്കുന്നില്ല. എങ്ങനെയാണെങ്കിലും, നിങ്ങൾ ആ പദ്ധതി ഉപയോഗിക്കുവാൻ തീരുമാനിച്ചാൽ, സഭയെയും സ്വർഗത്തെയും താരതമ്യം ചെയ്യുന്ന "ഇപ്പോൾ" എന്നും "പിന്നെ" എന്നുമുള്ള ഒരു ചാർട്ട് ഉപയോഗിക്കാം (മറ്റൊരു വാക്കിൽ പറഞ്ഞാൽ ഭൂമിയിലെ രാജ്യവും സ്വർഗത്തിലെ രാജ്യവും). ആദ്യത്തെ കോളത്തിൽ ഇപ്പോൾ സഭയിൽ ആസ്വദിക്കുന്ന അനുഗ്രഹങ്ങൾ പറയാം, രണ്ടാമത്തെ കോളത്തിൽ സ്വർഗത്തിൽ തിരിച്ചറിയാവുന്ന പൂർണ്ണവും തികവുമുള്ള അനുഗ്രഹങ്ങളും ഉൾപ്പെടുത്താം.

നമ്മുടെ വേദഭാഗത്ത് പ്രത്യേകമായോ അല്ലെങ്കിൽ പൊതുവായോ[53] സ്വർഗത്തെ കുറിച്ചുള്ള പ്രസംഗ പദ്ധതിക്ക് എളുപ്പവഴിയില്ല. സാധ്യതയുള്ള തലവാചകങ്ങൾക്കും എളുപ്പവഴിയില്ല: "പുതിയ ആകാശവും പുതിയ ഭൂമിയും," "അത് സംഭവിച്ചു തീർന്നു," "പുതിയ വാഗ്ദാനങ്ങൾ"; "*സത്യത്തിലുള്ള*, പുതിയ യുഗം" നിങ്ങൾ കെജെവി ഉപയോഗിക്കുകയാണെങ്കിൽ, തലവാചകം "ഇനിയില്ല" എന്നു കൊടുക്കാം.

വേദഭാഗത്തിലെ ചെറിയ ഭാഗങ്ങൾ പാഠങ്ങൾക്ക് അടിസ്ഥാനമായി എടുക്കാം. "ആരുടെ ആർ നരകത്തിൽ" എന്ന് തലവാചകം കൊടുത്ത് 21:8 എടുത്ത് ഒരു പ്രസംഗം തയ്യാറാക്കാം. "സ്വർഗത്തിലില്ലാത്തവ" എന്ന തലവാചകമെടുത്ത് 21:4 ഉപയോഗിച്ച് പ്രസംഗിക്കാം (21:1, 22, 23, 27; 22:3, 5).

താൽപര്യമെങ്കിൽ, അദ്ധ്യായങ്ങൾ 21 ഉം 22 ഉം മുഴുവനും എടുത്ത് പഠിപ്പിക്കാം: (1) നഗരത്തിലെ പൗരന്മാർ (21:1–8); (2) നഗരത്തിന്റെ സ്വഭാവം (21:9–22:9); (3) നഗരത്തിന്റെ വെല്ലുവിളി (22:6–21).

---

കുറിപ്പുകൾ

[1]ദൈവം 1:8-ൽ സംസാരിച്ചിരിക്കാം. (*വെളിപ്പാട്, 1* എന്ന പുസ്തകത്തിൽ ഉള്ള "കർത്താവേ എത്രത്തോളം?" എന്ന പാഠത്തിലെ 49 ലെ കുറിപ്പുകൾ നോക്കുക.)

16:1 ലും 16:17 ലും അവൻ സംസാരിച്ചിരിക്കാം. (*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ദൈവം ഓർക്കുമ്പോൾ," "നമ്മുടെ കുഴപ്പങ്ങൾക്ക് ദൈവത്തെ പഴിക്കൽ" എന്നീ പാഠങ്ങൾ നോക്കുക.) [2]ബാറ്റ്സെൽ ബാരെറ്റ് ബാഗ്സ്റ്റർ, *ഇഫ് ഐ ബി ലിഫ്റ്റഡ് അപ്* (നാഷിലേ: ഗോസ്പൽ അഡ്വൊക്കേറ്റ് കമ്പനി., 1956), 115. [3]എങ്കിലും ചില വ്യാഖ്യാതാക്കൾ വേറൊരു വ്യാഖ്യാനം നടത്തുന്നു. അവർ വിശ്വസിക്കുന്നത് അദ്ധ്യായം 21 ലേയും 22 ലേയും "പുതിയ യെരുശലേം" എന്നത് ക്രിസ്തു മടങ്ങിവരുമ്പോൾ അവർ സങ്കൽപിക്കുന്ന പാലസ്തീൻ നഗരത്തിൽ വരുവാനിരിക്കുന്ന യേശുവിന്റെ വാഴ്ച്ച ആണെന്നാണ്. "യെരുശലേം" അക്ഷരികമായി എടുക്കുകയാണെങ്കിൽ, 21:16 ലെ വിസ്തീർണ്ണവും അക്ഷരികമായി എടുക്കണം. എങ്ങനെയായാലും, പാലസ്തീന് 150 മൈൽ നീളവും 70 മൈൽ വീതിയുമേയുള്ളു. അവിടെ 1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള നഗരം പണിയുവാൻ സ്ഥലമില്ല. [4]അന്ത്യനാളിൽ ഒരു ന്യായവിധിയുണ്ടാകുമെന്നും നീതിമാന്മാർ നിത്യജീവങ്കലേക്കും, നീതികെട്ടവർ നിത്യനരകത്തിലേക്കും പോകുമെന്നും *വിശ്വസിക്കുന്നേടത്തോളം*, വെളിപ്പാട് 21:1–21:5 വരെയുള്ള ഭാഗത്ത് പറയുന്നത് ഭൂമിയിലെ സഭയെകുറിച്ചാണെന്ന് കരുതുന്നവരോട് എനിക്ക് കാര്യമായ എതിർപ്പില്ല. [5]ദാനിയേൽ റസൽ, *പ്രീച്ചിങ്ങ് ദ അപോകാലിപ്സ്* (ന്യുയോർക്ക്: അബിങ്ങ്ടൻ പ്രസ്, 1935), 235. [6]ഹരോൾഡ് ഹാസെലിപ്, *കർത്താവ് വാഴുന്നു: വെളിപ്പാട് പുസ്തകത്തിന്റെ ഒരവലോകനം* (അബിലീൻ, ടെക്സ്.: ഹെറാൾഡ് ഓഫ് ട്രൂത്ത്, എൻ. ഡി.), 22. [7]ഹോമർ ഹെയ്ലി, റെവലേഷൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 404. [8]ഇബിഡ്, 405–6. [9]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ് ഫ്രം റെവലേഷൻ: ടൈമ്ലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 122. [10]ദൈവരാജ്യത്തെ കുറിച്ചുള്ള പൊതുവായ ചർച്ചക്ക് ഈ പുസ്തകത്തിൽ മുൻപ് വന്ന "ക്രിസ്തുവിനോടുകൂടെ വാഴൽ" എന്ന പാഠം നോക്കുക. സഭ തന്നെയാണ് രാജ്യം എന്ന വസ്തുത നമ്മുടെ പഠനങ്ങളിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. രാജ്യത്തിന്റെ ഭൗമികവശവും സ്വർഗീയവശവും ചേർത്ത് പറഞ്ഞിരിക്കുന്ന വേദഭാഗമാണ് എബ്രായർ 12:22–24.

[11]പുതിയനിയമത്തിൽ, "ദൈവരാജ്യം," "സ്വർഗരാജ്യം" എന്നീ പ്രയോഗങ്ങൾ കാണുമ്പോൾ ഏതാണ് സഭ, ഏതാണ് സ്വർഗം എന്ന് എങ്ങനെ അറിയും? *സന്ദർഭം* അനുസരിച്ചുള്ള അർത്ഥം നിങ്ങൾ മനസിലാക്കണം. ചില സന്ദർഭത്തിൽ ഭൗമികരാജ്യമേത് (സഭ), സ്വർഗീയരാജ്യമേത് (സ്വർഗം) എന്ന് തിരിച്ചറിയുവാൻ വിഷമം നേരിടുന്നുവെങ്കിൽ, അവ തമ്മിലുള്ള അഭേദ്യമായ ബന്ധം സൂചിപ്പിക്കുകയാണ്. [12]വാക്യം 1-ൽ പറഞ്ഞിരിക്കുന്ന "ആകാശം" എന്ന വാക്ക് ദൈവത്തിന്റെ വാസസ്ഥലമല്ല. "പുതിയ ആകാശത്തിനായി" *ആ* ആകാശം നീങ്ങി പോയിട്ടില്ല. മറിച്ച് മുൻപ് പറഞ്ഞതുപോലെ, ഇവിടെ പറയുന്ന ആകാശം പുതിയ (ആത്മിയമായ) സൃഷ്ടിയുടെ ഭാഗമാണ്, അത് പഴയ (ഭൗതികമായ) സൃഷ്ടിയിൽനിന്നു വ്യത്യസ്തമാണ്. [13]"പുതിയ ഭൂമി" എന്നതു ഭൗതികമല്ല എന്നതിനെ കുറിച്ചുള്ള ചർച്ചക്ക് നോക്കുക, ഹുഗോ മെക്കോർഡ്, *ദ റോയൽ റൂട്ട് ഓഫ് റെവലേഷൻ* (നാഷിലേ:20 ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1976), 49. [14]ഇല്ല, ഒരു മനുഷ്യന്റെ *ആത്മാവിനും* അവനു നൽകുന്ന *ആത്മിയ ശരീരവും* തമ്മിലുള്ള വ്യത്യാസം എനിക്ക് അറിയില്ല. ജഡത്തിലായിരിക്കുമ്പോൾ ആത്മിയപ്രതലത്തെ കുറിച്ചുള്ള തികഞ്ഞ അറിവ് എനിക്കില്ല. എന്നാൽ, പൗലൊസ് പറഞ്ഞതനുസരിച്ച് വ്യത്യാസമുണ്ട*ാകും*. [15]ലിയോൺ മോറിസ്, *റെവലേഷൻ,* റെവ എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 237. [16]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ ദ റെവ*

*ലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 263. [17]അദ്ധ്യായം 20 നെ സൂചിപ്പിക്കുന്നതാകാം ആ വാക്കുകൾ. 20:13-ൽ "സമുദ്രം അതിലെ മരിച്ചവരെയും മരണവും പാതാളവും അതിലെ മരിച്ചവരെയും ഏൽപി ച്ചുകൊടുത്തു" എന്നു പറയുന്നു. മരണവും പാതാളവും ഇനി ആവശ്യമില്ലാത്ത തുകൊണ്ട് അവയെ നീക്കം ചെയ്തു (20:14). 21:1 ന്റെ അവസാനം "സമുദ്രവും" *ഇനിയില്ല* എന്നതു അതിന്റെ തുടർച്ച-യായിരിക്കാം. [18]*വെളിപ്പാട്, 2* എന്ന പുസ്തക ത്തിലെ "കാര്യങ്ങൾ കാഴ്ച്ചപ്പാടിലാക്കുക" എന്ന പാഠത്തിലെ 4:6 ന്റെ കുറിപ്പുകൾ നോക്കുക. [19]യോഹന്നാന്റെ കാലത്ത് സമുദ്രം ആളുകളെ ഭയപ്പെടുത്തുന്നതായിരുന്നു എന്നാണ് പല എഴുത്തുകാരും പറയുന്നത് (സങ്കീർത്തനങ്ങൾ 107:25–28; യെശയ്യാവ് 57:20; യെഹസ്ക്കേൽ 28:8). "ഇനി സമുദ്രവും ഇല്ല" എന്നത് അർത്ഥമാക്കുന്നത്, നീ തിമാന്മാരുടെ നിത്യമായ വാസസ്ഥലത്ത് ഇനി ഒരിക്കലും ഭയമുണ്ടാകയില്ല എന്നാണ് അവർ വ്യാഖ്യാനിക്കുന്നത്. [20]ഫ്രാങ്ക് പാക്ക്, *റെവലേഷൻ* പാർട്ട്. 2, *ദ ലിവിങ് വേഡ് സീരീസ്* (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 61. "പുതിയത്" എന്ന തിനുള്ള മറ്റൊരു ഗ്രീക്ക് വാക്കാണ് *നിയോസ്*. അത് വെളിപ്പാടിൽ ഇല്ല.

[21]മോറിസ്, 236. [22]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "അതിനുണ്ടായി രുന്നതുകൊണ്ടുണ്ടാക്കിയതായ സഭ " എന്ന പാഠത്തിലെ 3:12 ന്റെ പരാമർശ ങ്ങൾ നോക്കുക. [23]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ് (*ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 240. ഉൽപത്തി 4:17 ലാണ് ബൈബിളിൽ ആദ്യമായി നഗരം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. [24]'സ്ഥലം' നിലവിലുള്ളപ്പോൾ യേശു എന്തിനാണ് സ്ഥലം ഒരുക്കുവാൻ പോ യത് എന്ന് മറുപടിയായി, നമുക്ക് ചോദിക്കാം (യോഹന്നാൻ 14:2). യേശു വിശ്വ സ്തർക്ക് വസിക്കേണ്ടതിന് സ്ഥലം *ഒരുക്കുവാ*നായി പോയി. അതുപോലെ, ദൈവം തന്റെ ജനത്തിന് (സഭക്ക്) സ്ഥലം (സ്വർഗം) ഒരുക്കിയിരിക്കുന്നു എന്ന ഊന്നലാണ് വെളിപ്പാട് 21:2-ൽ ഉള്ളത്. [25]ഉത്ഭവിക്കുന്നത് ദൈവത്തിൽനിന്നാണെന്ന് ഊന്നി പ റയുന്ന പ്രയോഗമാണ് വെളിപ്പാടിൽ "സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നു" എന്നത് (10:1; 16:21; 18:1; 20:1, 9). [26]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യ ു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 378. [27]അദ്ധ്യായ ങ്ങൾ 21 ലും 22 ലും തേജസ്ക്കരിക്കപ്പെട്ട സഭയ്ക്ക് ഊന്നൽ കൊടുത്തിരിക്കുന്നത് ക്രിസ്തീയ കാലത്തിലെ വീണ്ടെടുക്കപ്പെട്ടവർ മാത്രമല്ല സ്വർഗത്തിൽ പോകുന്നത് എന്ന് സൂചിപ്പിക്കുന്നു. (ഈപുസ്തകത്തിൽ മുൻപ് വന്നതായ "ആത്മാക്കളുടെ ഭവനം" എന്ന പാഠത്തിലെ വെളിപ്പാട് 21:12 ന്റെ കുറിപ്പുകൾ നോക്കുക.) പഴയനിയമ വിശ്വാസികളും അവിടെ ഉണ്ടായിരിക്കുമെന്നാണ് മറ്റു വേദഭാഗങ്ങൾ പറയുന്നത്. (ഉദാഹരണത്തിന്, എബ്രായർ 11:39, 40 നോക്കുക.) എങ്ങനെയായാലും, ഉപദ്രവി ക്കപ്പെട്ട *സഭയെ ഉത്തേജിപ്പിക്കുന്നതിനായിരുന്ന*തിനാൽ, വെളിപ്പാടിന്റെ അവസാന ത്തെ രണ്ട് അദ്ധ്യായങ്ങളിലും മുഖ്യമായി പറഞ്ഞിരിക്കുന്നത് ജയിച്ച സഭയെ കുറി ച്ചാണ്. [28]ആൽഫ്രെഡ് പ്ലമ്മർ, "ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ," ഇൻ *ദ പുൾപിറ്റ് കമെന്ററി, വാല്യം, 22. എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ, ജോൺ ആന്റ് ജൂഡ്, ദ റെവലേഷൻ*, എഡി., എച്ച്. ഡി. എം. സ്പെൻസ് ആന്റ് ജോസെഫ്. എസ്. എക്സെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ്, പബ്ലിഷിങ് കമ്പനി., 1950), 510. [29]ഈ പുസ്തകത്തിൽ നേരത്തെ വന്ന "കുഞ്ഞാടിന്റെ കല്ല്യാണ സദ്യ" എന്ന പാഠം നോക്കുക. [30]സംസാരിച്ചയാൾ എല്ലാവരും കേൾക്കേണ്ടതിന് ഉച്ചത്തിലാണ് സംസാരിച്ചത്. യോഹന്നാൻ ഇരുപതു പ്രാവശ്യമോ മറ്റോ കേട്ട ഉച്ച

ത്തിലുള്ള ശബ്ദത്തിൽ അവസാനത്തേതായിരുന്നു ഇത്.

[31]സംസാരിച്ചയാൾ ദൈവത്തിനു വേണ്ടിയാണ് സംസാരിച്ചത്; പക്ഷെ കർത്താവ് ആയിരുന്നില്ല സംസാരിച്ചതെന്ന് തോന്നുന്നു; കാരണം ദൈവം മൂന്നാം വ്യക്തിയായി സംസാരിക്കയായിരുന്നു. [32]ഗ്രീക്ക് വേദപുസ്തകത്തിൽ, "പീപ്പിൾസ്" (ബഹുവചനത്തിൽ) ആണുള്ളത്. അത് "അവനെ ഭയന്ന് അവന്റെ നീതി നിർവ്വഹിക്കുന്ന *ഏത്* ജാതിയിൽ പെട്ട വ്യക്തിയേയും അവൻ കൈക്കൊള്ളുമെന്ന് ഊന്നി പറയുവാനായിരിക്കാം ഉദ്ദേശിച്ചത്" (പ്രവൃത്തികൾ 10:35; എംഫസിസ് മൈൻ). [33]ഈ വാഗ്ദാനത്തെ ലേവ്യാപുസ്തകം 26:12 മായും യെഹസ്ക്കേൽ 36:28 മായും താരതമ്യം ചെയ്യുക. [34]നോക്കുക, 2 കൊരിന്ത്യർ 6:17, 18. [35]"എല്ലാ കണ്ണുനീരും തുടച്ചുകളയും" എന്ന വാഗ്ദാനം മുൻപ് 7:17-ൽ നൽകിയിരുന്നു. *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനു മീതെ ഉയരൽ" എന്ന പാഠത്തിലെ 7:17 ന്റെ കുറിപ്പുകൾ നോക്കുക. [36]വാക്യം 6 യെശയ്യാവ് 55:1 മായി താരതമ്മ്യം ചെയ്യുക. [37]ജോ ഡി. ജോൺസ്, *വിക്ടറി ഇൻ ജീസസ്* (സിയെഴ്സി, അർക്ക.: ബൈ ദ ആദർ, 1990), 305. [38]പുസ്തകത്തിൽ പല പ്രാവശ്യം യോഹന്നാനോട് "എഴുതുവാൻ" ആവശ്യപ്പെടുന്നുണ്ട്. ഓരോ സമയത്തും പ്രധാനപ്പെട്ട എന്തെങ്കിലും വെളിപ്പെടുത്തുവാനുണ്ടായിരുന്നു. യോഹന്നാൻ കണ്ടതിലും കേട്ടതിലും ആ അവസരത്തിൽ, വിസ്മയപ്പെട്ടതിനാലാണ് വീണ്ടും വീണ്ടും എഴുതുവാൻ ആവശ്യപ്പെട്ടതെന്നാണ് ചിലർ കരുതുന്നത്. [39]"ഐ" എന്നത് ഗ്രീക്കിൽ ഊന്നൽ ചെലുത്തിയാണ്, "*ഞാൻ* ആൽഫയും ഒമേഗയും" എന്ന് പറഞ്ഞിരിക്കുന്നത്. [40]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവേ എത്രത്തോളം?" എന്ന പാഠത്തിനുശേഷമുള്ള പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ നോക്കുക. നിങ്ങൾ ആദ്യം *ആൽഫയും ഒമേഗയും* എന്ന ചാർട്ട് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് ഇവിടെയും ഉപയോഗിക്കാം.

[41]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവേ എത്രത്തോളം?" എന്ന പാഠത്തിലെ 1:8 ന്റെ കുറിപ്പ് നോക്കുക. *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കർത്താവ് അറിയുന്നു" എന്ന പാഠത്തിലെ 1:18 ന്റെ കുറിപ്പും 3:14 ന്റെ കുറിപ്പുകളും "അതിനുണ്ടായിരുന്നതുകൊണ്ടുണ്ടാക്കിയ സഭ " എന്ന പാഠവും നോക്കുക. [42]അവസാനത്തെ രണ്ടു വാചകങ്ങൾ എടുത്തിരിക്കുന്നത്, ഡി. ടി. നൈൽസ്, ആസ് *സീയിങ് ദ ഇൻവിസിബിൾ: എ സ്റ്റഡി ഓൺ ദ ബുക്ക് ഓഫ് റെവലേഷൻ* (ന്യൂയോർക്ക്: ഹാർപർ & ബ്രദേഴ്സ് 1961), 94. [43]"ആൽഫയും ഒമേഗയും" എന്നുപയോഗിച്ചിരിക്കുന്ന മൂന്ന് സന്ദർഭങ്ങളിൽ (1:8; 21:6; 22:13) ചിലത് പിതാവിനെയും മറ്റു ചിലത് പുത്രനെയും സൂചിപ്പിച്ചാണ്. രണ്ടുപേരും ഒന്നായിരിക്കയാൽ, ആരെക്കുറിച്ചാണ് പ്രത്യേകമായി പറയുന്നത് എന്നതിൽ വലിയ വ്യത്യാസം ജനിപ്പിക്കുന്നില്ല. [44]"ജയിക്കുന്നവൻ" എന്ന (വർത്തമാനകാലം) പ്രയോഗം തുടർ പ്രവർത്തിയെ കാണിക്കുന്നു. അതിനെ "ജയിച്ചു*കൊണ്ടിരിക്കു*ന്നവൻ" എന്ന് തർജിമ ചെയ്യാം. "പാപത്തെ ജയിക്കൽ" ആയ്ഷ്ക്കാലം മുഴുവനും ഉണ്ടാകണം. [45]" 'അവകാശം' ... എന്ന വാക്ക് അർത്ഥമാക്കുന്നത് നറുക്കിട്ട് ലഭിക്കുക എന്നാണ് (മത്തായി 19:29; എബ്രായർ 1:14; 1 പത്രൊസ് 3:9; മത്തായി 25:34; എഫെസ്യർ 1:14)" (ജോൺസ്, 305). [46]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഹൃദയത്തിന് കുഴപ്പമുള്ള സഭ " എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [47]കെജെവിയിൽ ഇത് "ദ ഫിയർഫുൾ" എന്നത് തെറ്റായ പ്രതീതിയാണ് വരുത്തുന്നത്. ഒരാൾക്ക് നേരിടുന്ന സ്വാഭാവികമായ ഭയമല്ല, പിന്നെയോ ശരിയായതു ചെയ്യുന്നതിനെ കുറിച്ചുള്ള ഭയമാണ്. ഭയമുണ്ടെങ്കിലും ശരിയായതു ചെയ്യുവാനുള്ള ധൈര്യമാണ് വേണ്ടത്. [48]"മ്ലേഛത" എന്ന വാക്ക് ബൈബിളിൽ പൊതുവായി വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടുള്ള മ്ലേഛതയെ കുറിച്ചാണ് പറയുന്നത്.

*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ബാബിലോൻ നിങ്ങളെ വഴി തെറ്റിക്കുവാൻ ശ്രമിക്കുമ്പോൾ" എന്ന പാഠത്തിലെ 17:4, 5 ന്റെ കുറിപ്പുകൾ നോക്കുക. [49]ക്രിസ്ത്യാനികളെ മറ്റു ക്രിസ്ത്യാനികളുടെ പേരുകൾ പറയുവാൻ നിർബ്ബന്ധിച്ചിരുന്നു. ആരംഭ എഴുത്തുകാർ പറഞ്ഞതനുസരിച്ച് ചില ക്രിസ്ത്യാനികൾ അതിന് വശംവദരായി. [50]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചാലുള്ള മൗഢ്യത" എന്ന പാഠത്തിലെ 9:21 ന്റെ പരാമർശം നോക്കുക.

[51]ആ വാക്കുകളുടെ പ്രായോഗികത ഇന്നത്തെ ആളുകൾക്ക് ഉപയോഗിക്കുവാൻ സ്ഥലം പോരാ, നിങ്ങൾക്ക് വേണമെങ്കിൽ ആകാം. വാക്യം 8-ൽ പറഞ്ഞിരിക്കുന്ന പാപങ്ങളെ കുറിച്ച് അറിയുവാൻ ഒരു കൺകോഡൻസ് നോക്കുക. ഉദാഹരണത്തിന്, ഭീരുത്വത്തിന് 2 തിമൊഥെയൊസ് 1:7; എബ്രായർ 10:38, 39 നോക്കുക. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, അത്തരം പാപം ചെയ്തിട്ട് ദൈവത്തിങ്കലേക്ക് മടങ്ങി വന്നവരെ കുറിച്ചല്ല, മറിച്ച് ആ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടാത്തവരെ കുറിച്ചാണ് വേദഭാഗം പറയുന്നത് എന്ന് വിശദമാക്കുക. [52]ജോർജ് എൽഡൻ ലാഡ്, ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് റെവലേഷൻ ഓഫ് ജോൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 277. [53]ഒരു നല്ല ഉറവിടമാണ് ബർട്ടൻ കോഫ്മാൻ, കമെന്ററി ഓൺ റെവലേഷൻ (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ബൗസ്, 1979), 490-97.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. നിങ്ങൾക്ക് പുതിയ വസ്തുക്കൾ ഇഷ്ടമാണോ? വെളിപ്പാടിലെ ചില "പുതിയ വസ്തുക്കൾ" എന്തെല്ലാമാണ്?
2. വെളിപ്പാട് 21:1-22:5 "ഭൂമിയിലെ സഭ " യെ കുറിച്ചാണോ അതോ സ്വർഗത്തിലെ തേജസ്ക്കരിക്കപ്പെട്ട സഭയെ കുറിച്ചാണോ പറയുന്നത്?
3. "പുതിയ ഭൂമി" *ഭൗതിക* ഭൂമിയാണോ? എന്തുകൊണ്ടാണ് യോഹന്നാൻ "പുതിയ ഭൂമിയും പുതിയ ആകാശവും" ഉപയോഗിച്ചിരിക്കുന്നത്?
4. ഭൗതിക നഗരങ്ങൾക്ക് നല്ല ഗുണങ്ങളും മോശമായവയുമുണ്ട്. "പുതിയ യെരുശലേം" എന്നു കേൾക്കുമ്പോൾ എന്തെല്ലാം നല്ല ഗുണങ്ങളാണ് മനസിലേക്ക് വരുന്നത്?
5. വാക്യം 2 ലെ "മണവാട്ടി" ആരാണ്? മണവാട്ടി ഭാവന കർത്താവിന്റെ സഭയെ കുറിച്ച് എന്തു പറയുന്നു?
6. ദൈവം നമ്മോടുകൂടെ വസിക്കുമെന്ന് വാക്യം 3 പറയുന്നു. ജോർജ് ലാഡ് പറയുന്നത് "വീണ്ടെടുപ്പിന്റെ എല്ലാം ഉദ്ദേശം, ദൈവവും തന്റെ ജനവുമായി അഭേദ്യമായ ഒരു കൂട്ടായ്മക്കാണെന്നാണ്."[52] നിങ്ങൾ അതിനോട് യോജിക്കുന്നുവോ അതോ വിയോജിക്കുന്നുവോ?
7. വാക്യം 4 ലെ ഏത് വാഗ്ദാനമാണ് നിങ്ങൾക്ക് വിലയേറിയത്? എന്തുകൊണ്ട്?
8. വാക്യം 6-ൽ "വിലകൂടാതെ" വാക്കുകൾ പ്രാധാന്യമേറുവാൻ കാരണമെന്ത്?
9. "ആൽഫയും" "ഒമേഗയും" എന്താണ്? ദൈവം ചെയ്യുമെന്ന് പ

റഞ്ഞിരിക്കുന്നത് ചെയ്യുമെന്ന് ആ വാക്കുകളാൽ നമുക്ക് എങ്ങനെ അറിയാം?

10. വാക്യം 7 ഉം 8 ഉം അനുസരിച്ച് സ്വർഗീയ അനുഗ്രഹങ്ങൾ എല്ലാവർക്കുമുള്ളതാണോ? “ജയിക്കുന്നവൻ” എന്നതിന്റെ അർത്ഥമെന്ത്?
11. വാക്യം 8-ൽ പറഞ്ഞ പാപങ്ങൾ ഇന്നുമുണ്ടോ?
12. അവസാനം, ഒരാളുടെ ജീവിതം “വിജയമാണോ” അതോ “പരാജയ” മാണോ എന്ന് എങ്ങനെ നിർണ്ണയിക്കാം?